Talented Bankers Literary Panel
പുസ്തക പരിചയം 127.

പാഞ്ചാലിയുടെ ഏഴ് രാത്രികൾ
(നോവൽ) - വിനയശ്രീ

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

വ്യാസവിരചിതമായ "മഹാഭാരതം" ലോകത്തിലെ തന്നെ ഏറ്റവും മികച്ച ഇതിഹാസങ്ങളിൽ ഒന്നാണ്. ആയിരക്കണക്കിന് കഥകളിലേക്കും ഉപകഥകളിലേക്കും വെളിച്ചം വീശുന്ന ഈ കൃതി ,ഒരു നിരൂപകൻ്റെ കാഴ്ചപ്പാടിലൂടെ നോക്കിയാൽ - പ്രത്യേകിച്ച് സ്ത്രീ മനസ്സുകളിലൂടെ നോക്കിയാൽ- പ്രധാനമായും രണ്ടു ന്യൂനതകൾ കാണാം.

ഒന്നാമത്തേത് സ്ത്രീകഥാപാത്രങ്ങൾക്ക് ശക്തമായ സ്ഥാനം ഉണ്ടെങ്കിലും അവരുടെ ആഗ്രഹങ്ങൾക്കും ചിന്തകൾക്കും വില കൽപ്പിക്കാത്ത രീതിയിൽ ഒരു പുരുഷകേന്ദ്രീകൃതമായ രീതിയിലാണ് കഥ മുന്നോട്ട് പോകുന്നത്.

രണ്ടാമതായി ഭഗവാൻ ശ്രീകൃഷ്ണന്റെ അവതാരലക്ഷ്യം നിറവേറ്റാനായി സൃഷ്ടിച്ചെടുത്ത ഒരു പശ്ചാത്തലത്തിൽ കൂടിയാണ് ഈ കഥ പോകുന്നത്. അദ്ദേഹം ഭഗവത്ഗീതയിൽ പറഞ്ഞതുപോലെ "എവിടെ ധർമ്മത്തിന് ക്ഷയം സംഭവിക്കുന്നുവോ, അവിടെ അധർമ്മത്തെ നിഗ്രഹിച്ച് ധർമ്മത്തെ പുനസ്ഥാപിക്കാൻ ആയി ജന്മമെടുക്കുന്നു". അതിനാൽ മഹാഭാരതം അതിന്റെ പാതിവഴിയിൽ വെച്ച് തന്നെ ധർമ്മത്തെ പാലിക്കുന്നവരുടെ ഒരു കൂട്ടമായും അധർമ്മത്തെ ശീലിക്കുന്ന മറ്റൊരു കൂട്ടമായും മാറുന്നു. ധർമ്മപക്ഷത്തെ സൂത്രശാലിയായ കൃഷ്ണനോടൊപ്പം നിൽക്കുന്നവർ എന്ത് അധർമം കാട്ടിയാലും തന്റെ വാക്ചാതുര്യം കൊണ്ട് കൃഷ്ണനും കൂട്ടരും അത് ന്യായീകരിച്ച് ധർമ്മം ആക്കിത്തീർക്കുന്നു.

അതിശക്തരെന്ന് ലോകം വിശേഷിപ്പിക്കുന്ന അഞ്ചു ഭർത്താക്കന്മാരുടെ മുന്നിൽവച്ച്, അപമാനിതയാകുന്ന ഒരു സ്ത്രീയുടെ ദീനരോദനത്തിലൂടെയാണ് കഥ ആരംഭിക്കുന്നത്.

വസ്ത്രാക്ഷേപം ചെയ്യാൻ വിധിക്കപ്പെട്ട പാഞ്ചാലിയുടെ ദീനരോദനം.....

മഹാപണ്ഡിതന്മാരും ഗുരുതുല്യരും പിതാമഹന്മാരും ജന്മനാ അന്ധനും പുത്ര സ്നേഹത്താൽ മനസ്സാ അന്ധനുമായ മഹാരാജാവുമടക്കം എല്ലാവരും മൗനം ദീക്ഷിച്ചു നിൽക്കുന്ന ആ സഭയിൽ അവളുടെ കരച്ചിൽ കേൾക്കാൻ ആരുമുണ്ടായിരുന്നില്ല

ആ സഭയിൽ ഉയർന്നുകേട്ട ദുശാസ്സനൻ്റെ വാക്കുകൾ വസ്ത്രാക്ഷേപത്തേക്കാൾഏറെ ദു:ഖമുണ്ടാക്കുന്നതായിരുന്നു.

"മാനം ഇല്ലാത്തവർക്ക് എവിടെയാ ദ്രൗപതി അപമാനം?

അഞ്ചു പേരുടെ ഭാര്യ സമൂഹത്തിൽ മറ്റൊരു നാമത്തിലാണ് അറിയപ്പെടുന്നത്"

മനസ്സിൽ നപുംസകങ്ങളെ പോലെ തോന്നിച്ച അഞ്ചു ഭർത്താക്കൻമാരുടെ മുന്നിൽ ഭാര്യ മാനംമറയ്ക്കാൻ അല്പം വസ്ത്രത്തിന് വേണ്ടി ഉടുതുണിയുടെ അവസാന അറ്റവും പിടിച്ചു നിൽക്കുമ്പോൾ അവൾ അലറി വിളിച്ചു

കൃഷ്ണാ.... ഗോവിന്ദാ.... - ദീനബന്ധോ...മാധവാ....

കരച്ചിൽ കേട്ട മായാജാലക്കാരൻ ആയ കൃഷ്ണൻ അവൾക്ക് വസ്ത്രം നൽകിക്കൊണ്ടിരുന്നു.

കുരുവംശത്തിൻ്റെ ശക്തിയാൽ ഉരിഞ്ഞെറിയാൻ പറ്റാത്തത്ര വസ്ത്രം

ഒരു സ്ത്രീക്ക് സമൂഹത്തിനുമുന്നിൽ അവളുടെ അഭിമാനം കാത്തുസൂക്ഷിക്കാൻ സഹായിക്കുന്നവരെ മനസ്സിൽ ചേർത്തു വയ്ക്കാൻ തോന്നും. അത് സഹോദര രൂപേണയോ ഭർതൃ രൂപേണയോ എങ്ങനെയും ആവാം .അങ്ങനെ തനിക്ക് ഉടുവസ്ത്രം ദാനം നൽകിയ കൃഷ്ണനെ തന്റെ ഏഴാമത്തെ രാത്രിയോടെ അവകാശിയാക്കി മനസാ പരിണയിച്ചു.

മറ്റു ആറ് രാത്രിയിലെ അവകാശികളുടെ വിതരണത്തിനായി രണ്ടാം അധ്യായം മുതൽ കഥ പിന്നോട്ടു പോകുന്നു

പാഞ്ചാലിയുടെ ജനനം മുതൽ വിവരിച്ചു തുടങ്ങുന്നു

പാഞ്ചാല ദേശത്തെ രാജകുമാരിയുടെ സ്വയംവര വാർത്ത അറിഞ്ഞപ്പോൾ തന്നെ ധർമ്മപുത്രരുടെ മനസ്സിൽ ജനിച്ച ആഗ്രഹം അമ്മ കുന്തി ദേവി വായിച്ചറിഞ്ഞിരുന്നു. ധർമ്മം പറച്ചിലും ചൂത് കളിഭ്രാന്തും അല്ലാതെ മറ്റൊന്നിലും അഗ്രഗണ്യൻ അല്ലാത്ത തൻ്റെ ധർമ്മപുത്രന് അവളെ കിട്ടില്ലെന്ന് അറിയാമായിരുന്നു. തൻ്റെ മറ്റു പുത്രന്മാരിൽ ചിലർക്ക് അതിനുള്ള കഴിവുണ്ട് എന്ന് അറിയാമായിരുന്ന കുന്തിദേവി, പുത്രന്മാർ ഒന്നിച്ചു നിൽക്കേണ്ട ആവശ്യകത ഉള്ളതിനാലാണ് വൈകുന്നേരം അവർ മടങ്ങിയെത്തിയപ്പോൾ ദാനം കിട്ടിയ വസ്തു എന്താണെന്ന് ഒന്ന് തിരിഞ്ഞു നോക്കുക പോലും ചെയ്യാതെ അഞ്ചുപേരും കൂടി വീതിച്ചെടുത്തു കൊള്ളു എന്ന് പറഞ്ഞത്.

മാതൃവചനം കേട്ട് തകർന്ന ഹൃദയവുമായി നിൽക്കുന്ന പാഞ്ചാലിയുടെ ദീനരോദനം ആരും കേട്ടില്ല. അവളുടെ അഭിപ്രായം ആരും ചോദിച്ചതുമില്ല.

പിന്നീട് ധർമത്തിൻ്റെ പേരിലും, പണ്ടെന്നോ ഭർത്താവ് വേണമെന്ന ആഗ്രഹം അഞ്ചു പ്രാവശ്യം പറഞ്ഞു എന്ന കുറ്റത്തിൻ്റെ പേരിലും ഓരോ ദിവസം ഓരോരുത്തരെ വിധി പ്രകാരം വിവാഹം ചെയ്യേണ്ടി വന്നു

ഒന്നാം രാത്രി ... ചൂത് കളിക്കാൻ നിർബന്ധിക്കുന്ന ധർമിഷ്ഠൻ്റെ മുന്നിലെ കരുക്കൾ എറിയുന്ന ചൂത് പലകയായി പാഞ്ചാലി

രണ്ടാം രാത്രി.... മൂത്തവരെ എതിർക്കാൻ അശക്തൻ ആയതുകൊണ്ടാണ് വിവാഹത്തിന് സമ്മതിച്ചത് എന്ന് പറഞ്ഞ ഭീമൻ എന്ന അതികായനുമൊത്തുള്ള പേടിപ്പെടുത്തുന്ന ദിനം. എങ്കിലും....താൻ മൂലം ഭവതിക്ക് ഒരിക്കലും

വേദനിക്കേണ്ടി വരില്ല . എന്നും ഒരു അംഗരക്ഷകൻ ആയിരിക്കും എന്ന ഭീമ പ്രതിജ്ഞ.

മൂന്നാം രാത്രി..... തന്നെ വരണമാല്യം ചാർത്തിയ കന്യകയെ അഞ്ചുപേർക്ക് വീതിച്ച് നൽകേണ്ടിവന്ന നീചജന്മമാണ് തൻ്റേത് എന്ന് കുറ്റം ഏറ്റു പറയുന്ന അർജ്ജുനൻ.

തന്റെ മനസ്സിൽ ആദ്യമായി പ്രണയം കോരി വിതറിയ മറ്റൊരു പുരുഷനോടുള്ള രൂപസാദൃശ്യവും വരണമാല്യം ആദ്യം ചാർത്തിയ പുരുഷൻ എന്ന അധികാരത്തിലും ഭാര്യയുടെ കടമ നിർവഹിക്കുന്ന പാഞ്ചാലി.

നാലാം രാത്രി.... നകുലന് പാഞ്ചാലി യിൽ ജേഷ്ഠത്തിയോടുള്ള ബഹുമാനമാണ് ആദ്യം തോന്നിയെങ്കിലും പാഞ്ചാലിയുടെ ശരീരത്തിലെ താമരപ്പൂവിൻ്റ ഗന്ധത്തിൽ അയാളൊരു ഭർത്താവായി മാറി.

അഞ്ചാം രാത്രി... ജേഷ്ഠത്തി ആയി കാണേണ്ടിവന്നവളെ പരിണയിച്ച ദുഃഖത്താൽ വിഷമിക്കുന്ന സഹദേവനെ ന്യായങ്ങൾ പറഞ്ഞു പാഞ്ചാലിക് ബലാൽക്കാരമായി കിടക്കയിലേക്ക് വലിച്ചിടേണ്ടി വന്നു. വിധി കൽപ്പിച്ച അഞ്ച് പേരുടെ ഭാര്യ ആകാൻ വേണ്ടി.

ആറാം രാത്രി ഊഴമനുസരിച്ച് വീണ്ടും ധർമ്മപുത്രർ എത്തുമ്പോൾ അവഹേളിക്കപ്പെട്ടു എന്ന ബോധ്യം വന്ന ഒരു സ്ത്രീ മനസ്സിൻ്റെ എല്ലാ വേദനയാലും ദേഷ്യത്തിലും അധർമ്മമൂർത്തിയായ തൻ്റെ ആദ്യ ഭർത്താവിനോട് പറയുന്നത് ഇനിമുതൽ ആറാമത്തെ രാത്രി എനിക്കുള്ളതാണ് എന്നാണ്

പാഞ്ചാലി മനസ്സുകൊണ്ട് ഒരാളെ പ്രണയിച്ചിരുന്നു. ഗാന്ധർവ്വ വിവാഹത്തിലെ തന്റെ ഇണ....കർണ്ണൻ. സ്വയംവര തീരുമാനത്തിന് മുൻപേ കാടിനു നടുവിലെ ക്ഷേത്രത്തിൽ വച്ച് കവചകുണ്ഡലങ്ങളോട് കൂടിയുള്ള തേജസിയായ ഒരു യുവാവിനെ കണ്ടപ്പോൾ മുതൽ പ്രണയം അവളിൽ മൊട്ടിട്ടിരുന്നു. സ്വയംവരത്തിന് തലേദിവസവും അവൾ അയാളെ കണ്ടിരുന്നു. പരസ്പരം മനസ്സറിഞ്ഞ് സംസാരിച്ച് അപ്പോഴേ വരണമാല്യം ചാർത്താൻ ഒരുങ്ങിയതാണ്. പക്ഷേ ശിഖണ്ഡി അത് കാണുകയും കർണ്ണനുമായി വാക്പോര് ഉണ്ടാവുകയും ചെയ്തു. ആ ദേഷ്യത്തിലാണ് സ്വയംവരം ഒരു മത്സരം ആക്കി മാറ്റിയതും മത്സരത്തിനെത്തിയ കർണ്ണനെ കുലത്തിൻ്റെ പേര് പറഞ്ഞു അവഹേളിച്ച് അവിടെനിന്ന് ഇറക്കിവിട്ടതും. പക്ഷേ പാഞ്ചാലിയുടെ മനസ്സിൽ കർണ്ണൻ അവളുടെ ഭർത്താവായിരുന്നു ആരോടും പറയാത്ത ആറാം നാളിലെ സ്വപ്നങ്ങളിലും ഓർമ്മകളിലുംഎത്തുന്ന ഭർത്താവ്.

ധർമ്മപുത്രൻ ,ഭീമൻ അർജുനൻ ,നകുലൻ സഹദേവൻ ,കർണ്ണൻ ശ്രീകൃഷ്ണൻ എന്നീ കഥാപാത്രങ്ങളിലൂടെ 7 രാത്രികളുടെ കഥ പറയുമ്പോൾ പാഞ്ചാലി എന്ന സ്ത്രീയിൽ സ്വയം അലിഞ്ഞുചേർന്ന അവൾക്ക് ഉണ്ടായിരുന്ന മാനസിക വ്യഥകൾ വായനക്കാരെ പറഞ്ഞു ഫലിപ്പിക്കാൻ "പാഞ്ചാലിയുടെ ഏഴ് രാത്രികൾ" എന്ന കഥയിലൂടെ വിനയശ്രീ എന്ന കലാകാരിക്ക് കഴിഞ്ഞിട്ടുണ്ട്.

കഥയിലെ പാഞ്ചാലിയുടെ മനസ്സിൽ ഉണ്ടാകുന്ന ചില സംശയങ്ങൾ ഒരു ചോദ്യ

ചിഹ്നമായി വായനക്കാരിൽ അവശേഷിക്കുന്നു.

രാജവംശത്തിൽ യുവ രാജാവ് ആകേണ്ടത് രാജാവിന്റെ മൂത്ത പുത്രനാണ് .ജേഷ്ഠൻ ആണെങ്കിലും പാണ്ഡവർ ആരും തന്നെ പാണ്ഡുവിന് ജനിച്ച പുത്രന്മാർ അല്ല. കാട്ടിൽ ജനിച്ച് കാട്ടിൽ തന്നെ ജീവിക്കാൻ താല്പര്യമുള്ള , കിട്ടിയ രാജ്യം ചൂത് കളിയിലൂടെ കളഞ്ഞ, യുദ്ധത്തിനു ശേഷവും കാട്ടിലേക്ക് തന്നെ തിരിച്ചുപോയ പാണ്ഡവർക്ക് കുരുക്ഷേത്ര യുദ്ധത്തിന് അവസരമൊരുക്കി പതിനായിരങ്ങളെ കൊല്ലേണ്ട ആവശ്യമുണ്ടായിരുന്നോ?

വരണമാല്യം ചാർത്തിയ അർജുനനെ തൻ്റെ സമീപത്തുനിന്ന് മനപൂർവ്വം പല കുറ്റങ്ങളും ചുമത്തി വനവാസത്തിനും ആയുധാഭ്യാസത്തിനും മറ്റും പറഞ്ഞയച്ച് ആ ഊഴവും കൂടി മുതലാക്കുന്ന അധമമായ ആഗ്രഹം ഉള്ള ആളിനെ ധർമ്മപുത്രൻ എന്ന് എന്തിന് വിളിക്കുന്നു?

യൗവ്വനം പിന്നിടാത്ത അഭിമന്യുവിനെ മരണം ഉറപ്പായ പത്മവ്യൂഹത്തിൻ്റെ ഉള്ളിലേക്ക് ഒറ്റയ്ക്ക് തന്റെ അഭിപ്രായം പോലും ചോദിക്കാതെ പറഞ്ഞുവിട്ടത് എന്തിനായിരുന്നു

അതോ .... സ്വച്ഛന്ദമൃത്യുവും മറ്റനേകം വരങ്ങളും ശാപങ്ങളും നേടിയ ഒരു സമൂഹത്തിന്റെ മോക്ഷപ്രാപ്തി എന്ന അവതാര ലക്ഷ്യത്തിനായി ധർമ്മത്തിൻ്റേയും അധർമത്തിൻ്റേയും കർമ്മത്തിൻ്റേയും മാർഗ്ഗം സ്വീകരിച്ച് കൃഷ്ണൻ യുദ്ധം ചെയ്യിക്കുകയായിരുന്നോ?

ചോദ്യങ്ങൾ ഒരുപാട് ബാക്കി വെച്ച് പാഞ്ചാലി തന്റെ അവസാന യാത്രക്ക് ഒരുങ്ങുകയാണ്

ഒരു നിയോഗം പോലെ പാണ്ഡവർക്കു പിന്നിലെ ആറാമത്തെ ആളായി

അവിടെ നിന്ന് മരണത്തിലേക്ക് ..,

ലോകം മുഴുവൻ ധർമ്മപുത്രർ എന്ന് വിശേഷിപ്പിക്കുന്ന ഒന്നാം ഭർത്താവ് ഒഴികെ ബാക്കിയെല്ലാവരും അവളോടൊപ്പം മരണത്തിൻ്റെ പടുകുഴിയിലേക്ക് ചാടി

പാഞ്ചാലിയുടെ ജനനം മുതൽ മരണം വരെ ഒരു സ്ത്രീപക്ഷത്തു നിന്ന് വിവരിക്കുന്ന ഈ നോവലിൽ പാഞ്ചാലി എന്ന കഥാപാത്രത്തിന് ദൈവീക പരിവേഷങ്ങൾ എല്ലാം മറന്ന് ഒരു സാധാരണ സ്ത്രീയുടെ എല്ലാ വികാര വിചാരങ്ങളോടും കൂടിയാണ് കഥാകാരി വിവരിച്ചിരിക്കുന്നത് . ഭർത്താവിനോടൊപ്പം ജീവിക്കാൻ കൊതിക്കുന്ന സ്ത്രീ, തൻ്റെ ഭർത്താക്കൻമാർ അവരുടെ മറ്റു ഭാര്യമാരെക്കുറിച്ച് പറയുമ്പോൾ വേദനയാൽ സ്വയം തകരുന്നവൾ, സർവ്വം സഹയായി, വരണമാല്യം ചാർത്തിയ ഭർത്താക്കൻമാരോടൊപ്പം ക്ലേശപൂർണ്ണമായ ജീവിതത്തിലൂടെ നടന്നു നീങ്ങുന്നവൾ, അജ്ഞാത വാസക്കാലത്ത് ആദ്യഭർത്താവ് നല്കിയ പരിചാരകയുടെ വേഷം പോലും ധർമ്മത്തിൻ്റെ മാർഗ്ഗം സ്വീകരിച്ച് അഭിനയിച്ച് തീർത്തവൾ, യുദ്ധഭീകരത മുന്നിൽ കണ്ടപ്പോൾ തൻ്റെ ശപഥം പോലും മറന്ന് സ്നേഹത്തിൻ്റേയും സൗഹാർദ്രത്തിൻ്റേയും ത്യാഗത്തിൻ്റേയും ലോകനന്മയുടേയും പ്രതീകമാകാൻ കൊതിച്ചവൾ, പുത്ര

സ്നേഹത്താൽ, അവരുടെ വിയോഗത്തിൽ വിഷമിക്കുന്നവൾ, കുറ്റം ചെയ്തവർക്കു പോലും മാപ്പു നല്കി അവരുടെ അത്മ ശാന്തിക്കായി പ്രാർത്ഥിക്കുന്നവൾ, അതിനെല്ലാം ഉപരി ചതിയിലൂടെ തന്നെ ഭാര്യയാക്കിയ ധർമ്മിഷ്ഠൻ്റെ പ്രവർത്തിയെ ആർക്കും ചെയ്യാൻ പറ്റാത്തത്ത രീതിയിൽ ശക്തമായി വിമർശിക്കുന്നവൾ

സാഹിത്യ രംഗത്ത് ഒട്ടേറെ ചർച്ചകൾക്ക് വഴിതെളിച്ച ഈ നോവൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് സ്ത്രീകളുടെ സാഹിത്യ കൂട്ടായ്മയായ കോട്ടയം ജില്ലയിലെ അക്ഷരശ്രീ എന്ന സംഘമാണ്. എഴുത്തുകാരി വിനയശ്രീ ആലപ്പുഴ ജില്ലയിലെ പ്രസിദ്ധയായ ഒരു ജ്യോതിഷ കൂടിയാണ്.

പ്രസാധകർ: അക്ഷര സ്ത്രീ
വില: 250 രൂപ